**പതിമൂന്നാം കേരള നിയമസഭ - പത്താം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 640**
**07.01.2014 ലെ മറുപടിക്ക്**

**ധനകാര്യ സ്ഥാപനങ്ങളിൽ കാർഷിക വായ്പ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.എം. പി. വിൻസെന്റ് | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ. | ധനകാര്യ സ്ഥാപനങ്ങളിൽ കാർഷിക വായ്പയ്ക്ക് എത്ര ശതമാനം പലിശ ഈടാക്കുന്നു ? | എസ്.എൽ.ബി.സിയിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് സംസ്ഥാനത്തെ വാണിജ്യ ബാങ്കുകളിൽ വിള ഉൽപാദനത്തിനുള്ള വായ്പ, കേന്ദ്ര സർക്കാർ സബ്സിഡിയോടെ 7 ശതമാനത്തിന് നൽകി വരുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് 3 ശതമാനം സബ്സിഡിയും കേന്ദ്ര സർക്കാർ നൽകി വരുന്നു. അതായത് വിള വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന്റെ പരമാവധി പലിശ 4 ശതമാനമായി നിജപ്പെടുത്തിയിരിക്കുന്നു. വിള വായ്പ അല്ലാതുള്ള മദ്ധ്യകാല ദീർഘകാല വായ്പകളുടെ പലിശതോത് 12.50 ശതമാനം മുതൽ 15.50 ശതമാനത്തിനിടയിലാണ്. |
| ബി. | കെ.എസ്എഫ്.ഇ, കെ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന കാർഷിക വായ്പ നൽകുന്നുണ്ടോ; വിശദമാക്കുമോ ? | കെ.എസ്എഫ്.ഇ കെ.എഫ്.സി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന കാർഷിക വായ്പ നൽകുന്നില്ല. |

**അക്കൗണ്ട്സ് ഓഫീസർ**